# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1325/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 26/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1325/2023 തീയ്യതി: 26/12/2023

## ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-10-2022 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 13-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-12-2023 | 13-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റ്റി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി.സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഇന്ദു ബിജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സെബാസ്റ്റ്യൻ പി.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി നിമിഷ ആഗസ്തി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.പാർവ്വതി ഇ.കെ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.രേഷ്മ ദത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സൗമിനി സോമനാഥ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. അശ്വതി ആർ നായർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു വി.കെ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.സുധീഷ് എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ജിജിൽ കെ.എം | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന ജോസഫ് | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ കണ്ണൻ പി | ഫിഷറീസ്എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി റ്റിൻറു ജോൺ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു ബി.എ. | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഇ-പേയ്മെന്റ് വരവുകൾ യഥാസമയം പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നില്ല. | 1-1-3 |
| 5 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | തനത് വരുമാനത്തിന്റെ ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി വരുത്തുന്നില്ല. | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | ഗ്രാന്റ് വിനിയോഗം | 1-3 |
| 11 | സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല | 1-3-1 |
| 12 | ലാപ്സായ ഫണ്ടുകളുടെ വിവരം | 1-3-2 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല. | 1-4-1 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമ പെൻഷനുകൾ | 1-6 |
| 17 | ക്യാഷ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 19 | വാർഷിക കണക്കുകൾ ഓഡിറ്റിനായി ലഭ്യമാക്കുന്നതിലെ കാലതാമസം. | 1-8-1 |
| 20 | തനത് വിഭവ സമാഹരണം - അവലോകനം | 1-9 |
| 21 | ലേലം തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-10 |
| 22 | ലൈഫ് ഭവന പദ്ധതി - തുടർനിർമ്മാണം നടത്തിയിട്ടില്ല | 1-11 |
| 23 | PMAY വിഹിതം- തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. | 1-12 |
| 24 | പട്ടിക വർഗ്ഗ വൃദ്ധർക്ക് മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും അപാകതകൾ | 1-13 |
| 25 | യന്ത്രോപകരണങ്ങളുടെ തുടർ നടത്തിപ്പ് - കരാർ ചമച്ചിട്ടില്ല | 1-14 |

| | | |
|---|---|---|
| 26 | വിവിധ പദ്ധതികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തതുമായി ബന്ധപ്പെട്ട അപാകതകൾ | 1-15 |
| 27 | അടിസ്ഥാന നിരക്ക് നിശ്ചയിക്കാതെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് ടെണ്ടർ നടത്തിയിരിക്കുന്നു. | 1-16 |
| 28 | അംഗൻവാടി പോഷകാഹാരം -ജി.എസ്.ടി അനുവദിച്ചു | 1-17 |
| 29 | സ്പർശം പാലിയേറ്റീവ് പരിചരണം - പൂർണ്ണമായും മരുന്നുകൾ ലഭ്യമായില്ല | 1-18 |
| 30 | ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക്ക് ഓട്ടോ വാങ്ങൽ - അപാകതകൾ | 1-19 |
| 31 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗിന് തുക ഡെപ്പോസിറ്റ് ചെയ്യൽ - അപാകതകൾ | 1-20 |
| 32 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ - അപാകതകൾ | 1-21 |
| 33 | നിക്ഷേപ പ്രവൃത്തി - 4 വർഷത്തിന് ശേഷവും പൂർത്തീകരിച്ചില്ല | 1-22 |
| 34 | മിച്ച ഫണ്ട് ആദായകരമായി നിക്ഷേപിക്കണമെന്ന ശുപാർശ അംഗീകരിക്കാത്തതിനാൽ നഷ്ടം വർദ്ധിക്കുന്നു. | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11 -ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 29.05.2023-ലെ 2(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

26.12.2023 ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്കുകളുടെയൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ "Net Cash Generated By Operating Activity+ Net Cash Generated Investing Activity+Net Cash Generated Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തുല്യമാവേണ്ടതാണ്. എന്നാൽ, 2022-23 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 ഇ-പേയ്മെന്റ് വരവുകൾ യഥാസമയം പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നില്ല.

ഇ-പോർട്ടൽ വഴി ഐ.കെ.എം.-ൽ ക്രഡിറ്റ് ചെയ്യപ്പെടുന്ന ഇ-പേയ്മെന്റ് വരവ് തുകകൾ യഥാസമയം പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നില്ല. പണം ഒടുക്കുമ്പോൾതന്നെ നികുതിദായകന് രസീത് ലഭിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയോ, കണക്കുകളിൽ വരവ് വയ്ക്കപ്പെടുകയോ ചെയ്യുന്നില്ല.

1-1-4 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല.

20.06.2022 ൽ ലഭിച്ച 872046/07.06.2022 നമ്പർ ചെക്ക് 21.06.2022ൽ തന്നെ വെള്ളിയാമറ്റം സർവ്വീസ് സഹകരണ ബാങ്കിലെ 317-ാം നമ്പർ അക്കൗണ്ടിൽ ക്രഡിറ്റ് ആക്കുന്നതിനായി നൽകിയെങ്കിലും പ്രസ്തുത ചെക്ക് പ്രകാരമുള്ള ₹6326/ ക്രഡിറ്റ് ആയിട്ടില്ല.

### 1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വായ്പാ രജിസ്റ്റർ എന്നിവ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതിനാൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നതിന് സാധിക്കുന്നില്ല.

### 1-1-6 തനത് വരുമാനത്തിന്റെ ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി വരുത്തുന്നില്ല.

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സോഫ്റ്റ് വെയറിൽ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല.

### 1-1-7 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല.

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ/ തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1/21.03.2022 |

| | |
|---|---|
| ഭരണസമിതി അംഗീകാരം | 1/ 25.03.2022 |
| പുതുക്കിയ ബജറ്റ് -ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1/തീ. 24.02.2023 |
| പുതുക്കിയ ബജറ്റ്-ഭരണസമിതി അംഗീകാരം | 4(1)/27.02.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം ₹ |
|---|---|
| മുന്നിരിപ്പ് | 66,08,420 |
| വരവ് | 34,72,63,650 |
| ആകെ | 35,38,72,070 |
| ചെലവ് | 35,02,63,450 |
| നീക്കിയിരിപ്പ് | 36,08,620 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214-ൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാർച്ച് 31 എന്ന തീയതിക്ക് മുൻപായി തന്നെ ബജറ്റ് പാസാക്കിയിട്ടുണ്ട്. എന്നാൽ അതിനു മുൻപുള്ള ഒരുക്കങ്ങൾ പൂർണമായിരുന്നില്ല. നവംബർ മാസമുള്ള വിവരശേഖരണം, ജനുവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല. കൂടാതെ തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രിയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതായും കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഡീറ്റെയിൽഡ് ഹെഡ് കോഡ് (ആദ്യ മൂന്ന് ഡിജിറ്റുകൾ മാത്രം ഉൾപ്പെടുത്തുന്നു) | ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | വാർഷികകണക്ക് പ്രകാരം |
|---|---|---|---|---|
| 1 | 140 | ഫീസും യൂസർ ചാർജ്ജും | 4,61,350 | 14,34,530 |
| 2 | 220 | ഭരണ ചെലവുകൾ | 37,43,000 | 8,36,168 |
| 3 | 230 | സംരക്ഷണവും നടത്തിപ്പും | 37,43,000 | 18,83,646 |

സാമ്പത്തിക വർഷം അവസാനിക്കാൻ ഒരു മാസം മാത്രം ബാക്കി നിൽക്കെ തയ്യാറാക്കിയ റിവൈസ്ഡ് ബജറ്റിൽ പോലും യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത രീതിയിലുള്ള കണക്കാണ് തയ്യാറാക്കിയിരിക്കുന്നത്. ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിന് ബജറ്റ് സഹായകമാകേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവരുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 0 | 1,80,57,000 | 1,80,57,000 | 1,67,07,428 | - |
| വികസന ഫണ്ട് - പട്ടികജാതി വിഭാഗം | 0 | 24,48,000 | 24,48,000 | 19,46,107 | - |
| വികസന ഫണ്ട് – പട്ടിക വർഗ്ഗ വിഭാഗം | 0 | 82,07,000 | 82,07,000 | 77,31,727 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് | 4,60,009 | 36,03,587 | 40,63,596 | 29,01,777 | 11,61,819 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 19,73,349 | 60,79,941 | 80,53,290 | 50,79,248 | 29,74,042 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 58,70,000 | 58,70,000 | 36,74,053 | - |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 0 | 50,65,000 | 50,65,000 | 43,59,295 | - |
| കോർപ്പസ് ഫണ്ട്, ജലജീവൻ മിഷൻ | 27,18,538 | 0 | 27,18,538 | 2,66,115 | 24,52,423 |
| അദർ ട്രസ്റ്റ്/ഏജൻസി ഫണ്ട് | 25,000 | 0 | 25,000 | 0 | 25,000 |
| ശുചിത്വമിഷൻ | 18,41,707 | 3,55,000 | 21,96,707 | 12,74,782 | 9,21,925 |
| ജലനിധി | 11,13,140 | 1,27,593 | 12,40,733 | 2,80,649 | 9,60,084 |
| ലൈഫ് - സ്റ്റേറ്റ് ഷെയർ | 62,05,282 | 2,01,99,832 | 2,64,05,114 | 2,42,48,474 | 21,56,640 |
| പകർച്ചവ്യാധി നിയന്ത്രണം | 5,889 | 0 | 5,889 | 0 | 5,889 |
| ഹെൽത്ത് ഗ്രാന്റ് | 0 | 11,09,901 | 11,09,901 | 0 | 11,09,901 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | 0 | 5,00,000 | 5,00,000 | 0 | 5,00,000 |
| ഐ.സി.ഡി.എസ്. - കേന്ദ്ര വിഹിതം | 0 | 7,56,488 | 7,56,488 | 0 | 7,56,488 |

ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലെ ടൈഡ്, അൺടൈഡ് ഇനങ്ങളിലെ വരവ്, ചെലവ് നീക്കിയിരിപ്പ് തുക തമ്മിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ., വാർഷിക കണക്ക് എന്നിവ തമ്മിൽ താഴെപ്പറയുന്ന രീതിയിൽ വ്യത്യാസം കാണുന്നു.

1. അൺടൈഡ് ഫണ്ട്

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്പ്രകാരം | എ.സി.ആർ പ്രകാരം | വാർഷിക കണക്ക്(I-6) | വാർഷിക കണക്ക്(RP-30) | വാർഷിക കണക്ക്(B-6) |
|---|---|---|---|---|---|
| വരവ് | 36,03,587 | 36,03,587 | | | |
| ചെലവ് | 28,90,069 | 32,17,168 | 29,28,617 | 32,91,390 | |
| നീക്കിയിരിപ്പ് | 7,13,518 | 3,86,419 | | | 11,61,819 |

2.ടൈഡ് ഫണ്ട്

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ. പ്രകാരം | വാർഷിക കണക്ക്(I-6) | വാർഷിക കണക്ക്(RP-30) | വാർഷിക കണക്ക്(B-6) |
|---|---|---|---|---|---|
| വരവ് | 60,79,941 | 60,79,941 | | | |
| ചെലവ് | 43,84,762 | 38,73,262 | 37,09,307 | 47,10,000 | |
| നീക്കിയിരിപ്പ് | 16,95,179 | 22,06,679 | | | 29,74,042 |

1-3-1 സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല

വികസന ഫണ്ട് അനുവദിച്ച സമയത്ത് സംസ്ഥാന സർക്കാർ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാമപഞ്ചായത്ത് വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക (₹) |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 7,56,214 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 9,63,600 |
| വികസന ഫണ്ട്- | ലൈഫ് മിഷൻ | 2,28,214 |

| | | |
|---|---|---|
| എസ്.സി.പി. | വായ്പ തിരിച്ചടവ് | |
| വികസന ഫണ്ട്- റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 26,06,838 |

1-3-2 ലാപ്സായ ഫണ്ടുകളുടെ വിവരം

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്ന് ലഭിച്ച തുക തൻ വർഷം 80% ചെലവഴിക്കാത്തതിനാൽ താഴെ സൂചിപ്പിക്കുന്ന രീതിയിൽ ₹1034240/- ലാപ്സായിരിക്കുന്നു.

| ഗ്രാന്റ് | അലോട്ട്മെന്റ്/വരവ് (₹) | ചെലവ് (₹) | ലാപ്സായ തുക.(₹) |
|---|---|---|---|
| വികസന ഫണ്ട് - പട്ടികജാതി വിഭാഗം | 24,48,000 | 19,46,107 | 12,293 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 58,70,000 | 36,74,053 | 10,21,947 |
| ആകെ | | | 1034240 |

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 208 | 53,09,55,523 | 164 | 10,16,89,421 | 0 | 44 | 76.92 |

ബി) നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | നടപ്പാക്കിയ പദ്ധതികളുടെ % | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 62 | 35 | 59.67 | 2,28,36,090 | 92,92,537 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 11 | 100.00 | 62,14,322 | 48,65,390 |
| കൃഷി ഓഫീസർ | 8 | 8 | 100.00 | 17,55,400 | 14,98,358 |
| ഡയറി എക്സ്റ്റൻഷൻ | 3 | 2 | 66.67 | 28,84,610 | 15,97,715 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 4 | 100.00 | 10,85,000 | 10,59,955 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 100.00 | 1,41,100 | 1,38,923 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 37 | 30 | 81.08 | 47,10,45,651 | 6,53,07,811 |
| വെറ്ററിനറി സർജൻ | 18 | 18 | 100.00 | 62,06,921 | 34,69,390 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 40 | 33 | 82.5 | 1,20,74,322 | 99,24,795 |
| ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ | 14 | 14 | 100.00 | 33,48,238 | 25,51,025 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 8 | 6 | 75 | 31,23,972 | 19,14,980 |
| ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 100 | 2,39,897 | 68,542 |
| ആകെ | 208 | 164 | 78.84 | 53,09,55,523 | 10,16,89,421 |

### 1-4-1 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾതയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ

പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ

നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി - എസ്റ്റാബ്ലിഷ്മെന്റ് | 185 | 12,66,642 | 12,66,827 | 12,63605 | 3,222 |
| തൊഴിലുറപ്പ് പദ്ധതി - തൊഴിലാളി വേതനം | 0 | 4,46,36,508 | 4,46,36,508 | 4,46,36,508 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം നടത്തിയ വിവിധ ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2,47,07,000 | 1,998 |
| കർഷക തൊഴിലാളി പെൻഷൻ | 13,33,800 | 91 |
| വിധവാ പെൻഷൻ | 72,18,400 | 560 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,86,600 | 40 |
| വികലാംഗ പെൻഷൻ | 31,78,000 | 256 |
| തൊഴിൽ രഹിത വേതനം | 39,240 | 31 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30,000 | 1 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹150/-യുടെ (നൂറ്റി അൻപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

1. ഓഫീസ് സംവിധാനം- 4 ക്ലർക്കുമാർ, 3 സീനിയർ ക്ലർക്ക്, 2 ഓഫീസ് അറ്റന്റന്റ്, 1 പാർട്ട് ടൈം സ്വീപ്പർ, 1 പാർട്ട് ടൈം ലൈബ്രേറിയൻ, അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാർ സ്ഥലം മാറിപോകുന്ന വേളയിലും പുതുതായി സ്ഥലം മാറി വരുന്ന സമയത്തും ഓഫീസ് ഓർഡർ പ്രകാരം സെക്ഷനുകളുടെ കൈമാറ്റം നടക്കുന്നില്ല.

2. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കുന്നില്ല. കൂടാതെ ആസ്തി പരിപാലന പ്ലാൻ തയ്യാറാക്കി അതിനനുസരിച്ചല്ല പദ്ധതികൾ തയ്യാറാക്കുന്നത്.

3. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല.

4. വാങ്ങൽ പ്രക്രീയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ശരിയായ രീതിയിൽ വിതരണം നടത്തുകയോ ചെയ്യുന്നില്ല.

5. ഫ്രണ്ട് ഓഫീസ് പ്രവർത്തനം- വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് ഐ.എൽ.ജി.എം.എസ്. വഴി ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധന നടക്കുന്നില്ല. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച നൽകുന്ന വിവരം ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

6. തനത് വരുമാനം തീർത്തും കുറവായ പഞ്ചായത്തിൽ പഞ്ചായത്ത് നടത്തേണ്ട തെരുവ് വിളക്ക് പോലുള്ള അടിസ്ഥാന സേവനങ്ങൾ പോലും നിഷേധിക്കപ്പെടുന്നു.

7. ലഭിക്കുന്ന ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് നൽകുന്നതിനാൽ ബൃഹത്തായ പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ സാധിക്കുന്നില്ല എന്ന് മാത്രമല്ല ചെറിയ അടങ്കൽ തുകയുള്ള പദ്ധതികളും അപൂർണ്ണമായ പദ്ധതികളും ഏറ്റെടുത്ത് നടപ്പാക്കേണ്ടി വരുന്നു.

## 1-8-1 വാർഷിക കണക്കുകൾ ഓഡിറ്റിനായി ലഭ്യമാക്കുന്നതിലെ കാലതാമസം.

2022-23-ലെ വാർഷികകണക്കുകൾ പഞ്ചായത്ത് കമ്മറ്റിയുടെ 29.05.2023-ലെ യോഗത്തിൽ അംഗീകരിച്ചതാണെങ്കിലും ഓഡിറ്റിനായി പ്രസ്തുത കണക്കുകൾ ലഭ്യമാക്കിയത് വീണ്ടും രണ്ട് മാസങ്ങൾക്ക് ശേഷം 31.07.2023-ൽ മാത്രമാണ്.

## 1-9 തനത് വിഭവ സമാഹരണം - അവലോകനം

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സ് വസ്തു നികുതിയാണ്. തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പിന്റെ 22-03-2023 ലെ സ.ഉ.(കൈ)നം. 77/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 2023-24 മുതൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്നതും നടപ്പാക്കിയതുമായ കാര്യങ്ങൾ ഉൾപ്പടെ പരിശോധിക്കുകയുണ്ടായി. ഓരോ മാസത്തിന്റെയും അവസാനം ശേഷിക്കുന്ന വസ്തു നികുതിക്ക് ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

തറവിസ്തീർണ്ണം വർദ്ധിപ്പിച്ചതും കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്കും നികുതി വർദ്ധിപ്പിക്കുന്ന കാര്യം വിവിധ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗങ്ങളിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഫീൽഡ് തല പരിശോധന നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. സഉ.(കൈ)നം.179/2022 ധന.ഉത്തരവ് പ്രകാരം നികുതി പിരിവ് 90% എന്ന ലക്ഷ്യം കൈവരിക്കാത്ത പക്ഷം ലഭ്യമാകുന്ന വികസന ഫണ്ടിൽ (ജനറൽ) നിന്ന് അനുവദിച്ച തുകയുടെ 1% തുക കുറവ് ചെയ്യുന്നതാണ്. ആയതിനാൽ പഞ്ചായത്തിലെ വസ്തു നികുതി കുടിശ്ശിക തീർപ്പാക്കേണ്ടതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ട്.

വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ

സഞ്ചയ പ്രകാരം പഞ്ചായത്തിന്റെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ആകെ 755 എണ്ണമാണുള്ളത്.

എന്നാൽ 2022-23 സാമ്പത്തിക വർഷം 109 സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്.

വാടക

വാടക ഇനത്തിൽ രജിസ്റ്റർ പ്രകാരം പിരിഞ്ഞു കിട്ടാൻ തുകയൊന്നും ശേഷിക്കുന്നില്ല. എന്നാൽ വാർഷികകണക്ക് പ്രകാരം ₹1643/- തൻവർഷം ബാലൻസ് ഉണ്ട്. വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

1-10 ലേലം തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

1) വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് 15 ആം വാർഡിൽ സ്ഥിതി ചെയ്യുന്ന വെട്ടിമററം എൽ. പി. സ്കൂൾ മെയിന്റനൻസ് നടത്തിയപ്പോൾ പൊളിച്ചുമാറ്റിയ വസ്തുവകകൾ അസി.എഞ്ചിനിയറുടെ വാല്യൂവേഷൻ പ്രകാരം ലേലം ചെയ്യുന്നതിന് 18.05.2022 ലെ (1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിന്മേൽ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2) വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ വെട്ടിമറ്റം പഞ്ചായത്ത് സ്കൂൾ കോംമ്പൗണ്ടിലും വെട്ടിമറ്റം

തേൻമാരി വരെയുള്ള റോഡിലും നിന്നിരുന്ന മരങ്ങൾ കടപുഴകി വീണത് മുറിച്ചുമാറ്റി സൂക്ഷിച്ചിരുന്നത്, 28.07.2021 ലെ സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ അസി.ഫോറസ്റ്റ് കൺസർവേറ്റർ വിലനിർണ്ണയം നടത്തി നല്കിയിരുന്നു. എന്നാൽ നാളിതുവരെ തടികൾ ലേലം നടത്തിയിട്ടില്ല.

## 1-11 ലൈഫ് ഭവന പദ്ധതി - തുടർനിർമ്മാണം നടത്തിയിട്ടില്ല

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ കരാർ വച്ച ഗുണഭോക്താക്കളിൽ ഫണ്ട് അനുവദിച്ചിട്ടും നാളിതുവരെ തുടർനിർമ്മാണം നടത്തിയിട്ടില്ലാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ്/ വാർഡ് | കാറ്റഗറി | സ്റ്റേജ് | കൈപ്പറ്റിയ തുക (₹)/ തിയതി |
|---|---|---|---|
| ഹാജറ കോയ, മുക്കന്നേൽ/ 4 | ജനറൽ | ബേസ്മെന്റ് | 40000/22-12-18<br>160000/28-03-19 |
| രതീഷ് ജോൺ, പീടികപ്പറമ്പിൽ/ 3 | എസ്.സി | ബേസ്മെന്റ് | 40000/26-8-2020<br>160000/3-11-20 |
| ബൈജു പി.ആർ, പാട്ടള്ളുങ്കൽ/ 9 | എസ്.റ്റി | പണി ആരംഭിച്ചിട്ടില്ല | 90000/30-3-21 |
| സദാശിവൻ ആർ, കുടിയേറ്റുപാറയിൽ/ 10 | എസ്.റ്റി | പണി ആരംഭിച്ചിട്ടില്ല | 90000/11-3-2022 |
| ബാലകൃഷ്ണൻ, തെങ്ങുംതോട്ടത്തിൽ/ 8 | എസ്.റ്റി | ബേസ്മെന്റ് | 90000/22-7-22<br>120000/12-7-23 |
| അഞ്ജന രാധാകൃഷ്ണൻ ചാലംകുന്നേൽ/ 3 | എസ്.സി. | തറപണി പൂർത്തീകരിച്ചിട്ടില്ല | 40000/1-9-22 |
| തങ്കമ്മ ശ്രീധരൻ, ശ്രായിപ്പിള്ളിൽ/ 11 | എസ്.റ്റി. | തറപണി പൂർത്തീകരിച്ചിട്ടില്ല | 90000/31-3-23 |
| അനീഷ് ഭാസ്കരൻ, കിഴക്കേപായിക്കാട്ട്/ 2 | എസ്.സി. | പണി ആരംഭിച്ചിട്ടില്ല | 40000/6-1-23 |
| അമ്മിണി ഡാനിയേൽ തടത്തിൽ/ 4 | ജനറൽ | പണി ആരംഭിച്ചിട്ടില്ല | 40000/21-8-23 |

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 PMAY വിഹിതം- തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

PMAY പദ്ധതിക്കായി ഇളംദേശം ബ്ലോക്കിലേക്ക് താഴെപറയും പ്രകാരം ₹23,43,518/- നൽകിയിട്ടുണ്ടെങ്കിലും ₹23,10,518/- യുടെ വിനിയോഗ വിവരമാണ് ലഭ്യമാക്കിയിട്ടുള്ളത് (നം. ബി- 1887/ 2021, തി. 08.11.2023). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | ബിൽ നമ്പർ/ തിയതി/ തുക (₹) | ചിലവഴിച്ച തുക (₹) | ബാലൻസ് തുക (₹) |
|---|---|---|---|
| 140/23, PMAY വിഹിതം നല്കൽ (SCP) | 22100552021300464592/ 26-8-22/ 4,20,000 | 1,83,518 | 2,36,482 |
| 139/23, PMAY വിഹിതം നല്കൽ (ST) | 22100552021300929959/19-12-2022/ 3,43,518<br>22100552021300464588/ 26-8-2022/ 6,00,000 | 8,70,000 | 73,518 |
| 138/23, PMAY വിഹിതം നല്കൽ (GENERAL) | 22100552021300464584/ 20-8-22/ 9,80,000 | 9,60,000 | 20,000 |
| ആകെ | | | 330000 |

ചെലവഴിക്കാനവശേഷിക്കുന്ന തുക ₹3,30,000/- ചെലവഴിച്ച് വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്. ₹3,30,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 പട്ടിക വർഗ്ഗ വൃദ്ധർക്ക് മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും അപാകതകൾ

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,<br>ആയുർവേദ മെഡിക്കൽ ഡിസ്പെൻസറി,<br>നാളിയാനി |
| അടങ്കൽ | ₹3,50,000/- |
| ബിൽ നം. | 22100552009900684282/ 25.10.22/ ₹2,00,000/-<br>22100552009901516016/ 28.03.2023/ ₹1,50,000/- |

മേൽ പദ്ധതി പ്രകാരം 14.12.2022ൽ പൂച്ചപ്ര ഗവ.ട്രൈബൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് മെഡിക്കൽ ക്യാമ്പ് നടത്തി.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. വൃദ്ധർക്കും മറ്റ് പൊതു വിഭാഗം ജനങ്ങൾക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതിയായിട്ടും വൃദ്ധർക്ക് എന്ന പേരിൽ പദ്ധതി തയ്യാറാക്കി നടപ്പാക്കിയിരിക്കുന്നു. ആകെ പങ്കെടുത്തതായി കാണിച്ചിരിക്കുന്ന 140 പേരിൽ 85 പേരും വൃദ്ധരല്ലാത്തവരാണ് എന്നു കാണുന്നു. പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 5.4.1.10 ലെ 5% തുക നിർബന്ധമായും വൃദ്ധർക്കായി മാറ്റി വയ്ക്കണമെന്ന

നിർദ്ദേശം മറികടക്കുന്നതിനായി "വൃദ്ധർക്ക്" എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിരിക്കുന്നു.

2. ആവശ്യത്തിലധികമായി തുക വകയിരുത്തി ചെലവ് വരുത്തിയിരിക്കുന്നു. മെഡിക്കൽ ക്യാപ് നടത്തിയത് 14.12.2022 ലാണ്. മേൽ ബില്ല പ്രകാര ₹2,00,000 മരുന്നിനായി കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിരിക്കുന്നു. ആയതിൽ ₹1,67,925/- യുടെ മരുന്ന് മാത്രമാണ് ഇൻവോയ്സ് നം. 90278315/ 05.11.2022 പ്രകാരം ലഭിച്ചിരിക്കുന്നത്. തുടർന്ന് ഇൻവോയ്സ് നം. 90284572/ 29.12.2022 പ്രകാരം ₹32,075/- യുടെ മരുന്ന് ലഭിച്ചിരിക്കുന്നു. അതായത് ക്യാമ്പിന് ശേഷമാണ് മരുന്ന് ലഭിച്ചത്.

3. രണ്ടാമത്തെ ബില്ല് പ്രകാരമുള്ള തുക കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിരിക്കുന്നത് 28.03.2023 ന് മാത്രമാണ്. സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ട് ദിവസം മാത്രം അവശേഷിക്കെ മരുന്ന് വാങ്ങുന്നതിനായി തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത് തൻ വർഷം പദ്ധതി നടപ്പാക്കുന്നതിനായല്ല. തൻവർഷം ചെലവ് കാണിക്കാൻ മാത്രമാണ്. മേൽ തുക പ്രകാരമുള്ള മരുന്നുകൾ ലഭിച്ചിരിക്കുന്നത് 2023-24 ൽ മാത്രമാണ്. അടുത്ത സാമ്പത്തിക വർഷം പദ്ധതി നടപ്പാക്കുന്നതിനായി തൻവർഷം പദ്ധതിപണം ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (6/ 08.12.23) ത്തിനുള്ള മറുപടിയിൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ അംഗീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇത്തരം അപാകതകൾ തുടർന്ന് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 യന്ത്രോപകരണങ്ങളുടെ തുടർ നടത്തിപ്പ് - കരാർ ചമച്ചിട്ടില്ല

| പദ്ധതി നമ്പർ/ പേര് | ബിൽ നമ്പർ/തിയതി/ തുക (₹) |
|---|---|
| 66/23,<br>കാർഷിക കർമ്മസേനയ്ക്ക്<br>യന്ത്രോപകരണങ്ങൾ വാങ്ങൽ<br>(സ്പിൽ ഓവർ) | 1) 211005520102008398 14/<br>24-12-21/ ₹1,00,000<br>2) 211005520102012230 39/<br>28-2-22/ ₹36,000<br>3) 21-1-22/ ₹16,438<br>4) 14-3-23/ ₹4,000 |

തൻവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ കാർഷിക കർമ്മസേനയ്ക്ക് യന്ത്രോപകരണങ്ങൾ എന്ന പദ്ധതിയിൽ വെള്ളിയാമറ്റം കാർഷിക കർമ്മസേനയ്ക്ക് വിവിധ യന്ത്രോപകരണങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്. സ.ഉ.(കൈ)നം. 22/ 2018/ ത.സ്വ.ഭ.വ. തിയതി 14.02.2018 പ്രകാരം വാങ്ങിയ

യന്ത്രോപകരണങ്ങളുടെ നിയന്ത്രണം, മേൽ നോട്ടം, നടത്തിപ്പ് എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് ഒരു സമിതി രൂപീകരിക്കേണ്ടതും യന്ത്രോപകരണങ്ങൾ കരാർ ഉടമ്പടി വച്ച് നടത്തിപ്പിനായി സമിതികളെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ ഇവിടെ അപ്രകാരം സമിതി രൂപീകരിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. യന്ത്രോപകരണങ്ങളുടെ നടത്തിപ്പിനായി സമിതി രൂപീകരിക്കേണ്ടതും കരാർ ചമച്ച് തുടർനടത്തിപ്പ് സമിതിയെ ഏല്പിക്കേണ്ടതുമാണ്.

1-15 വിവിധ പദ്ധതികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തതുമായി ബന്ധപ്പെട്ട അപാകതകൾ

കേരള വാട്ടർ അതോറിറ്റിയിൽ വിവിധ പദ്ധതികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തതുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. കേരള വാട്ടർ അതോറിറ്റിയുടെ 23.03.23- ലെ എ.ബി.-ജെ.ജെ.എം./377/2021 കത്ത് പ്രകാരം ജലജീവൻ മിഷൻ (69/23) പദ്ധതിയ്ക്ക് വേണ്ടി ₹4,19,000/- (Vr. /28.3.2023) കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. പഞ്ചായത്ത് വിഹിതമിനത്തിൽ തുക ഒടുക്കുവാനായി വാട്ടർ അതോറിറ്റി നൽകിയ ഡിമാന്റ് കത്തും പദ്ധതി വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. കൂടാതെ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

2. കുടിവെള്ള പദ്ധതികൾ ജലജീവൻ മിഷൻ നടപ്പാക്കുന്നുള്ളതിനാൽ പദ്ധതി നം.19/23 പ്രകാരം പന്നിമറ്റം-പച്ചിലത്തൊട്ടി ഭാഗത്ത് കുഴൽകിണർ നിർമ്മാണത്തിന് ₹60,000/- ഡെപ്പോസിറ്റ് ചെയ്യാനുണ്ടായ കാരണം അറിയിക്കേണ്ടതാണ്. ഈ പദ്ധതി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

1-16 അടിസ്ഥാന നിരക്ക് നിശ്ചയിക്കാതെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് ടെണ്ടർ നടത്തിയിരിക്കുന്നു.

2022-23 വർഷം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി സൈറ്റുകളിൽ സിറ്റിസൻ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർ വിജയി ആയ തനിമ കൺസ്ട്രക്ഷൻ യൂണിറ്റ്, പന്നിമറ്റം എന്ന സ്ഥാപനം ₹2800/- നിരക്കിൽ 3X2 അടി വലുപ്പമുള്ള 253 ബോർഡുകളും ₹4400/- നിരക്കിൽ 4x3 വലുപ്പമുള്ള 42 ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ടെണ്ടർ നടത്തുന്നതിന് മുൻപ് സ്ഥാപിക്കുന്ന ബോർഡുകളുടെ മെറ്റീരിയലിനെ അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല. മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് റൂറൽ ഡെവപ്പ്മെന്റ് മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എ. ഡിവിഷൻ 07.04.2017-ൽ പുറപ്പെടുവിച്ച സജസ്റ്റീവ് ഫ്രെയിം വർക്ക് (സിറ്റിസൺ ബോർഡ് ആന്റ് വാൾ റൈറ്റിംഗ്സ്)- ൽ ഇഷ്ടികകൊണ്ട് നിർമ്മിച്ച ബോർഡുകൾക്ക് പരമാവധി ₹5000/-, 3000/- നിരക്കുകൾ നിശ്ചയിച്ചിരുന്നു. പ്രസ്തുത നിരക്ക് നിശ്ചയിച്ചിരിക്കുന്നത്

കൃത്യമായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത ഉത്തരവിൽ പ്രാദേശികമായി ലഭ്യമായ മറ്റ് മെറ്റീരിയൽസും ഉപയോഗിക്കാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് അടിസ്ഥാനനിരക്ക് കണ്ടെത്തേണ്ടത്. എന്നാൽ ഇത്തരത്തിൽ അടിസ്ഥാന നിരക്ക് നിശ്ചയിക്കാതെ ഇഷ്ടിക കൊണ്ട് നിർമ്മിക്കുന്ന ബോർഡുകൾക്കുള്ള നിരക്ക് അടിസ്ഥാന നിരക്കായി പരിഗണിച്ചുകൊണ്ടാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസിൽ ഉപയോഗിക്കേണ്ട മെറ്റീരിയൽ സംബന്ധിച്ച് വ്യക്തമായി നിർദ്ദേശം നൽകിയിട്ടുമില്ല. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ ഫെറോസ്ലാബ് ഉപയോഗിച്ചുള്ള ബോർഡുകളാണ് സ്ഥാപിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് (25/ 13.12.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 അംഗൻവാടി പോഷകാഹാരം -ജി.എസ്.ടി അനുവദിച്ചു

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാരം ജനറൽ എന്ന പദ്ധതിയ്ക്ക് ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ അമൃതം ന്യൂട്രിമിക്സിന് വിവിധ ബില്ലുകളിലായി 5% ജി.എസ്.ടി. ഉൾപ്പടെ തുക അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി/ നമ്പർ | ബിൽ നമ്പർ/ തിയതി/ തുക (₹) | വാങ്ങിയ ന്യൂട്രിമിക്സ് ( Kg) | ന്യൂട്രിമിക്സ് സപ്ലൈ ചെയ്ത സ്ഥാപനം/ നൽകിയ തുക (₹) |
|---|---|---|---|
| S0008/23, അംഗൻവാടി പോഷകാഹാരം ജനറൽ | 22100552010100228462/ 22-06-22/ ₹10,00,000 | 1092 Kg X ₹73.5 = ₹80,262 | Jeevan Amrutham Nutrimix ₹65930 |
| | 22100552010101373957/ 16-03-23/ ₹2,82,680 | 1039.5 Kg X₹73.5 = ₹76,403.25 | Jeevan Amrutham Nutrimix ₹76,403 |
| | | 858kg X ₹73.5 = ₹63,063 | Jeevan Amrutham Nutrimix ₹63063 |
| | | 1039.5kg X ₹73.5 = ₹76,403.25 | Jeevan Amrutham Nutrimix ₹76,403 |

| | | | |
|---|---|---|---|
| | | 909kg X ₹73.5<br>= ₹66,811.5 | Jeevan Amrutham Nutrimix<br>₹66,811 |
| | 221005520101014420826/<br>21-03-23/ ₹2,59,192 | 924kg X ₹73.50 =<br>₹67,914 | Amrutham Nutrimix<br>Udumbannoor<br>₹67,914 |

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 25.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1450/2018/ ത.സ്വ.ഭ.വ. പ്രകാരം അമൃതം ന്യട്രീമിക്സിന്റെ 5% ജി.എസ്.റ്റി. ഉൾപ്പെടെയുള്ള വില ₹73.50/- യാണ്. സ്ഥാപനം കോമ്പസിഷൻ ടാക്സ് സ്കീമിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നും സ്ഥാപനത്തിന് വിതരണക്കാരിൽ നിന്നും ടാക്സ് പിരിക്കാൻ അധികാരം ഇല്ല എന്നും ഹാജരാക്കിയ ബില്ലിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മേൽ സ്ഥാപനങ്ങൾക്ക് ₹70/- നിരക്കിനു പകരം ന്യൂട്രീമിക്സിന് ജി.എസ്.റ്റി. ഉൾപ്പെടെ ₹73.50/ - നിരക്ക് നല്കിയത് ക്രമരഹിതമാണ്. കൂടാതെ ഈ വാങ്ങൽ പ്രക്രിയയിൽ തൻവർഷത്തെ ആകെ തുക 2.5 ലക്ഷത്തിൽ അധികമാണ്. 2017-ലെ ജി.എസ്.ടി. നിയമം സെക്ഷൻ 51(1) പ്രകാരം ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിന് ശേഷം തുക അനുവദിക്കുമ്പോൾ കരാർ പ്രകാരമുള്ള ആകെ തുക 2.5 ലക്ഷത്തിൽ അധികമാണെങ്കിൽ സ്രോതസിൽ നിന്ന് ജി.എസ്.ടി- ടി.ഡി.എസ് നടത്തേണ്ടതുണ്ട്. പ്രസ്തുത സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്ന് ടി.ഡി.എസ്. നടത്തിയിട്ടില്ല. ജി.എസ്.ടി ഇനത്തിൽ അധികം അനുവദിച്ച നല്കിയ ₹ 20,517/- തിരികെ ഈടാക്കുകയോ തുടർവർഷത്തെ ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-18 സ്പർശം പാലിയേറ്റീവ് പരിചരണം - പൂർണ്ണമായും മരുന്നുകൾ ലഭ്യമായില്ല

സ്പർശം പാലിയേറ്റീവ് പരിചരണം (26/23) പദ്ധതിയ്ക്കായി മരുന്നുകൾ ലഭ്യമാക്കുന്നതിന് ₹26,468/- (221005520097014419728/ 21-03-23) KMSCL-ന് നൽകിയെങ്കിലും ₹12,955/- ന്റെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന ₹13,513/- ന്റെ മരുന്നുകൾ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക്ക് ഓട്ടോ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പദ്ധതി | 219/23, ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക്ക് ഓട്ടോ വാങ്ങൽ |
| അടങ്കൽ | ₹4,97,000/- |
| ചെലവ് | ₹3,50,000/- (വൗച്ചർ നം. 22200848/01.03.23 ശുചിത്വ മിഷൻ ഗ്രാന്റ്) |

| | |
|---|---|
| | ₹1,47,000/- (വൗച്ചർ നം. 22200849/01.03.23 ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹4,97,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ജെം പോർട്ടൽ വഴി ആലപ്പുഴയിലെ ഹാപ്പി ഹാന്റ്സ് ഗ്ലോബൽ എന്ന സ്ഥാപനത്തിൽ നിന്നും മാക്ക് ഓട്ടോ ഇന്ത്യ കമ്പനിയുടെ ഇലക്ട്രിക്ക് ഓട്ടോറിക്ഷാ വാങ്ങിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ വാഹനം മലയോര പ്രദേശങ്ങളിൽ ഉപയോഗസാധ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 12.6.2023-ൽ എ4/6868/23 കത്ത് മുഖേന മുട്ടം എൻജിനീയറിംഗ് കോളേജിന് കത്ത് നൽകിയെങ്കിലും പരിശോധന നടത്തിയിട്ടില്ല. നിരപ്പായ സ്ഥലത്ത് മാത്രം ഉപയോഗിക്കാൻ അനുയോജ്യമായതാണ് ഈ വാഹനം. ഈ വാഹനത്തിന് ഭാരം വഹിച്ചുകൊണ്ട് കയറ്റം കയറുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ധാരാളം വളവുകളും കുന്നുകളും ഉള്ളതും വീതി കുറഞ്ഞതുമായ റോഡുകൾ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന് ഒട്ടും അനുയോജ്യമല്ല ഈ വാഹനം. വാഹനം വാങ്ങുന്നതിന് മുമ്പ് ഭരണസമിതിയും പ്രൊക്യൂർമെന്റ് കമ്മറ്റിയും ഈ വാഹനത്തെകുറിച്ച് വിശദമായി പഠിച്ചതായി കാണുന്നില്ല. വാഹനത്തിന്റെ സ്പെസിഫിക്കേഷൻ വിവരങ്ങൾ പരിശോധിച്ച് വാഹനം ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമാണോയെന്ന് ഉറപ്പാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്. വാഹനം വാങ്ങിയതിന് ശേഷമാണ് ഇതിന്റെ പോരായ്മകൾ മനസിലാക്കിയത്. അതുകൊണ്ടാണ് മുട്ടം എൻജിനീയറിംഗ് കോളേജിലേയ്ക്ക് ടെസ്റ്റ് ഡ്രൈവിനായി റഫർ ചെയ്തിട്ടുള്ളത്.

2. നിലവിൽ വളരെ പരിമിതമായി മാത്രമാണ് വാഹനം ഉപയോഗിക്കുന്നത്.

3. ഡ്രൈവർക്ക് മാത്രമാണ് വാഹനത്തിൽ യാത്ര ചെയ്യാൻ സാധിക്കുക എന്നത് മാലിന്യം ശേഖരിക്കലിനെ പ്രതികൂലമായി ബാധിക്കുന്നു. ഖരമാലിന്യങ്ങൾ ശേഖരിക്കുന്ന സ്ഥലത്തും നിക്ഷേപിക്കുന്ന സ്ഥലത്തും സഹായത്തിനായി മറ്റൊരാളെ നിർത്തേണ്ടിവരുന്നുണ്ട്.

4. വാഹനം ഹരിതകർമ്മ സേനയ്ക്ക് കൈമാറിയതായോ വാഹനം ഉപയോഗിക്കുന്നതിന് പ്രത്യേക ഡ്രൈവറെ നിയമിച്ചതായോ വ്യക്തമല്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/11.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പനി അധികൃതരുമായി ആലോചിച്ച് വാഹനം ഉപയോഗപ്രദമാക്കുന്നതിനും നിഷ്ക്രിയ ആസ്തിയായി പരിണമിക്കാതിരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗിന് തുക ഡെപ്പോസിറ്റ് ചെയ്യൽ - അപാകതകൾ

| | |
|---|---|
| പദ്ധതി | 199/23, സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗിന് തുക ഡെപ്പോസിറ്റ് ചെയ്യൽ |
| അടങ്കൽ | ₹1,25,080/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹1,25,080/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) (വൗച്ചർ നം.22200836/10.02.2023) |
| നിർവഹണം | സെക്രട്ടറി |

പ്രസ്തുത പദ്ധതി പ്രകാരം 10 സ്ട്രീറ്റ് ലൈറ്റ് മെയിനുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം ആകെ 74 കൺസ്യൂമർ നമ്പർ ഉള്ളതായി കാണുന്നു. മേൽ പദ്ധതിപ്രകാരം 10 കൺസ്യൂമർ നമ്പരുകളാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ അനുവദിച്ചിട്ടുള്ള കൺസ്യൂമർ നമ്പരുകൾ മുമ്പ് ഏത് നമ്പരിൽ ഉൾപ്പെട്ടതാണെന്നും പുതിയത് അനുവദിച്ചപ്പോൾ മുൻകാലങ്ങളിൽ വൈദ്യുതി ചാർജ് അടച്ചുകൊണ്ടിരുന്ന കണക്ഷനുകൾ റദ്ദുചെയ്തിട്ടുണ്ടോയെന്നും വ്യക്തമല്ല.

2. നിലവിൽ എല്ലാ സ്ട്രീറ്റ് ലൈറ്റുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇപ്പോൾ അനുവദിച്ചിരിക്കുന്ന മീറ്ററുകളിൽ ഉൾപ്പെടുന്ന ലൈറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ യഥാവിധി പൂർത്തീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/11.12.23) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-21 കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ - അപാകതകൾ

| | |
|---|---|
| പദ്ധതി | 16/23, കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ |
| അടങ്കൽ | ₹11,54,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹6,21,243/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) (വൗച്ചർ നം.22200882/06.03.23) |
| നിർവഹണം | സെക്രട്ടറി |

4/2022 മുതൽ 10/2022 വരെയുള്ള വെള്ളക്കരം തനതുഫണ്ടിൽ നിന്നും ഒടുക്കിയത് റീക്കുപ്പ് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ എന്ന പദ്ധതി തയ്യാറാക്കി ₹6,21,243/- (7 X ₹88,749/-) റീക്കുപ്പ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 4/2022-ലെ ബില്ലിൽ A. Closing Balance As On : 31-MAR-2022: 1575946/-, B. Fine : ₹30,944/-, C. Demand For The Month : ₹88,749/-, Total ; ₹16,95,639/- എന്നിങ്ങനെയാകുന്നു. പ്രസ്തുത ബില്ലിൽ കുടിശിക, ഫൈൻ എന്നിവ വന്നതിന് കാരണം അറിയില്ല.

2. 11/2022 മുതൽ 3/2023 വരെയുള്ള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ്, തുക ഒടുക്കിയതിന്റെ

വിവരം എന്നിവ ലഭ്യമല്ല.

3. സ്ട്രീറ്റ് ടാപ്പുകളുടെ രജിസ്റ്റർ, സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 16/12.12.2023) മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

### 1-22 നിക്ഷേപ പ്രവൃത്തി - 4 വർഷത്തിന് ശേഷവും പൂർത്തീകരിച്ചില്ല

2018-19 വർഷം അംഗൻവാടി നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ ₹11,60,000/- നിക്ഷേപം നടത്തിയിരിക്കുന്നു. പദ്ധതി നാളിതുവരെ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്ക് പ്രകാരം പ്രസ്തുത തുക ഡെപ്പോസിറ്റ് തുകയായി അവശേഷിക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം., തിയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| പൊതു മരാമത്ത് വകുപ്പ് | ഇളംദേശം അംഗൻവാടി കെട്ടിട നിർമ്മാണം | ചെക്ക് നം. 57800833/10-01-19 ₹3,50,000/- ബിൽ നം. 38/17-111-19 ₹2,30,000/- | 5,80,000 | 0 | 5,80,000 |
| പൊതു മരാമത്ത് വകുപ്പ് | വെള്ളിയാമറ്റം അംഗൻവാടി കെട്ടിട നിർമ്മാണം | ബിൽ നം. 31/23.11.18 | 5,80,000 | 0 | 5,80,000 |

പദ്ധതി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. പദ്ധതി ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിൽ ബാലൻസ് ഷീറ്റിൽ മുൻകൂർ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 മിച്ച ഫണ്ട് ആദായകരമായി നിക്ഷേപിക്കണമെന്ന ശുപാർശ അംഗീകരിക്കാത്തതിനാൽ നഷ്ടം വർദ്ധിക്കുന്നു.

മിച്ച ഫണ്ട് ആദായകരമായി നിക്ഷേപിച്ചിട്ടില്ലാത്തത് സംബന്ധിച്ച് 2021-22 വർഷ റിപ്പോർട്ടിലെ ഖണ്ഡിക 1-18 ആയി പരാമർശിച്ചിരുന്നു. എന്നാൽ തുടർ നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. കാര്യമായ ഇടപാടുകൾ നടത്താത്ത കേരള ബാങ്കിൽ (ജില്ലാ സഹകരണ ബാങ്ക്) നിലവിലും 73

ലക്ഷത്തിലധികം തുക അവശേഷിക്കുന്നു. പലിശ ഇനത്തിൽ മുൻ വർഷ റിപ്പോർട്ട് പ്രകാരം തന്നെ ₹1,08,03,184/- നഷ്ടം കണക്കാക്കിയിരിക്കെ ആണ് ഒരു വർഷത്തിന് ശേഷവും യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിക്കാതിരിക്കുന്നത്. ഇത് ഗുരുതരമായ വീഴ്ചയായി കാണുന്നു. ഓഡിറ്റ് നിർദ്ദേശം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതും അഭിപ്രായം മറുപടിയായി അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 1,28,000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സീഡി (103/23) | 1,28,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 1,00,000 | സ്പർശം - പാലിയേറ്റീവ് പരിചരണം (25/23) | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 19,50,000 | ലൈഫ് ഭവന പദ്ധതി (ടി എസ്. പി) (180/23) | 19,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 4,00,000 | സുവർണ്ണ ഭവനം. (230/23) | 4,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 3,60,000 | ലൈഫ് ഭവന പദ്ധതി (എസ്. സി. പി) (179/23) | 3,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 3,83,157 | ലൈഫ് ഭവന പദ്ധതി (ടി എസ്. പി) (180/23) | 3,83,157 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 2,82,680 | അംഗണവാടി പോഷകാഹാരം (71/23) | 2,82,680 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 78,500 | പ്രതീക്ഷ-ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് (93/23) | 78,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 3,30,000 | പ്രതീക്ഷ-ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് (93/23) | 3,30,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 31,700 | ഗോത്രസാരഥി (143/23) | 0 | 31,700 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 1,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ജനറൽ (181/23) | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 5,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ജനറൽ (181/23) | 5,00,000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ തിയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് | 22200836/ 10.02.2023 | 1,25,080 | 0 | 1,25,080 |
| ഭൂജല വകുപ്പ് | പന്നിമറ്റം പച്ചിലത്തൊട്ടി ഭാഗത്ത് കുഴൽ കിണർ നിർമ്മാണത്തിന് തുക ഡെപ്പോസിറ്റ് ചെയ്യൽ | 22200925/ 25.03.2023 | 60,000 | 0 | 60,000 |

പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം എടുത്ത വായ്പ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) നം. 68/2018 തീ. 18.05.2018 | 3,65,70,930 | 68,60,263 | 2,71,40,000 | 35,91,266 | 0 | 3,04,08,997 |
| ജവഹർ ഭവന പദ്ധതി | ജി.ഒ.(എം.എസ്) നം. 1575/15 തീ. 27.05.2015 | 2,00,20,000 | 85,67,144 | 0 | 14,60,000 | 3,30,000 | 71,07,144 |

ജവഹർ ഭവന പദ്ധതി ലോൺ മുതൽ തിരച്ചടവ് ഇനത്തിൽ തൻ വർഷം പ്രോജക്ട് നം.74/2023 പ്രകാരം ആകെ ഒടുക്കിയിരിക്കുന്നത് ₹12,90,000/- ആണ്. ലോൺ രജിസ്റ്റർ പ്രകാരം ഇത് പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം ₹14,60,000/- ഒടുക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/ 11.12.2023 ന് ലഭ്യമാക്കിയ മറുപടിയിൽ പലിശ ഇനത്തിൽ ഒടുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ₹5,00,000/-യിൽ ₹1,70,000/-മുതൽ ആയി ആണ് ഒടുക്കിയിരിക്കുന്നത് എന്ന് അറിയിച്ചു. ലോൺ രജിസ്റ്ററിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച ₹5527/- യുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം- ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തിയതി |
|---|---|---|---|---|
| 1998-99 | 24 | 698 | ശ്രീ. രാജീവ് ഇ. ജി. | 1220602084/ 23.02.2023 |
| | 25 | 630 | | |

| | | | | |
|---|---|---|---|---|
| 2021-22 | 1-26 | 4,199 | ശ്രീ. സിനു എ. സി. | 1220600912/ 31.10.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19 | 1999-2000 | | അലോട്ട്മെന്റ് തുക നഷ്ടപ്പെടുത്തി | തീർപ്പായിട്ടില്ല |
| 1997-98 | 28 | 1999-2000 | | സാധന സാമഗ്രികളുടെ വില അധികം നൽകി | തീർപ്പായിട്ടില്ല |
| 1998-99 | 3-24 | 2000-01 | | അനുവദനീയമല്ലാത്ത ഹിൽടാക്സ് അലവൻസ് നൽകിയത് | തീർപ്പായിട്ടില്ല |
| 1999-2000 | 3-29 | 2001-02 | | മണൽവാരൽ അവകാശം ലേല തുകയിൽ ഇളവ് നൽകിയത് ക്രമവിരുദ്ധം | തീർപ്പായിട്ടില്ല |
| 2004-05 | 3-7 | 2006-07 | 3, 35(2) | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | തീർപ്പായിട്ടില്ല |
| 2004-05 | 3-3 | 2006-07 | 3, 35(2) | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം | തീർപ്പായിട്ടില്ല |
| 2005-06 | 2-3 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ | തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് (വെള്ളിയാമറ്റം പഞ്ചായത്ത് വക കടമുറികൾ) | |
| 2006-07 | 3-8 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം (കെ.എസ്ഇ.ബി. ₹5,67,425/-) | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(8) | 2004-05ൽ ₹2,03,922/- ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ച മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(11) | 1. ഇറുക്കുപാലം കുടിവെള്ള പദ്ധതിയുടെ മോട്ടോർ പ്രവർത്തിക്കുന്നില്ല. കട്ടുവാക്കയം കുടിവെള്ള പദ്ധതി ജലലഭ്യത കുറവായതിനാൽ 2001-02 മുതൽ പ്രവർത്തിക്കുന്നില്ല. 2001-02 ൽ പൂർത്തികരിച്ച കൈക്കമല പദ്ധതി പ്രവർത്തനരഹിതമാണ്<br>2. കുവക്കണ്ടം-അറുത്തടി പാലം കുടിവെള്ള പദ്ധതിയും ഓന്തുപാറ – ഊഞ്ഞാൽപടി പദ്ധതിയും പൂർത്തിയായിട്ടില്ല | തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | 3. മുത്തോട്-പതിക്കമല കുടിവെള്ള കിണർ പൂർത്തിയായിട്ടില്ല | |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(2) | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(13) | കുടിവെള്ള പദ്ധതികളുടെ ചുമതല കരാർ ചമച്ച് കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല | തീർപ്പായിട്ടില്ല |
| വിഷയാധിഷ്ഠിത അവലോകനം | | 2017-18 | | ഡെപ്പോസിറ്റ് പ്രവൃത്തികൾ അനുബന്ധം – 5 | നിർവ്വഹണ ഏജൻസിയായ KSEBയുമായി കരാർ ചമച്ചിട്ടില്ല |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

-ഇല്ല –

ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | (രസീത് നം/തീയതി) | തുക ₹ | | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2004-05 | 3-6 | ശ്രീ. ബിജു പി. മാത്യൂ, കൃഷി ഓഫീസർ | LF-14229/ Spl.Cell. Sc2/ 2007 Dated 28.03.2009 | 19,536 | ₹19536/- രസീത് നം. 5/51083/ 03.06.10 | | | | | 19,536 | |
| 2004-05 | 3-6 | ശ്രീ. റോയി ഐസക്, അസി. എഞ്ചിനീയർ | LF-14229/ Spl.Cell. Sc2/ 2007 Dated 28.03.2009 | 5,964 | രസീത് നം. 5/51083 / 3.6.2010 ₹5964/- | | | | | 5,964 | |
| 2008-09 | 3-4 | ശ്രീ. സജി തോമസ്, സെക്രട്ടറി | LF.23458/12 Dated 06.08.2014 | 24,080 | | | | | | 24,080 | |
| 2009-10 | 3-6 (1,2,3)(P) | ശ്രീ. കെ. രാമചന്ദ്രൻ നായർ, എഞ്ചിനീയർ | LF.22684/14 Dated 05.04.2014 | 53,243 | | | | | | 53,243 | |
| 2009-10 | 3-6(3) P | ശ്രീ. റോയി ഐസക്ക്, എഞ്ചിനീയർ | LF.22684/14 Dated 05.04.2014 | 13,361 | | | | | | 13,361 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹2,72,46,417 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹8,44,75,030 |
| ആകെ | ₹11,17,21,447 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹889,74,051 |
| നീക്കിയിരിപ്പ് | ₹2,27,47,396 |

കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 വർഷത്തെ റെസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള

| വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്. | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,30,000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 3,30,000 | ജിജിൽ കെ. എം., വി ഇ ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജിജിൽ കെ.എം., വി ഇ ഒ | വി ഇ ഒ, വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | കൊന്നൻപറമ്പിൽ, കിഴക്കേപ്രം, നോർത്ത് പറവൂർ പി.ഒ, എറണാകുളം ജില്ല, പിൻ- 683513 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | ഖണ്ഡിക നം. |
|---|---|---|---|
| 2006-07 | നം. കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(06-07)/അദാലത്ത്/2022 തീ.19.08.2022 | 2 | 3-3, 3-8 |

| | | | |
|---|---|---|---|
| 2008-09 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(08-09)/അദാലത്ത്/ 2022 തീ.19.08.2022 | 1 | 3-4 |
| 2010-11 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(10-11)/അദാലത്ത്/ 2022 തീ.19.08.2022 | 2 | 3-1, 3-10 |
| 2011-12 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(11-12)/അദാലത്ത്/ 2022 തീ.19.08.2022 | 1 | 3-3 |
| 2012-13 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(12-13)/അദാലത്ത്/ 2022 തീ.19.08.2022 | 1 | 3-4 |
| 2014-15 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(14-15)/അദാലത്ത്/ 2022 തീ.19.08.2022 | 3 | 2-1, 3-1, 3-5 |
| 2015-16 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(15-16)/അദാലത്ത്/ 2022 തീ.19.08.2022 | 2 | 3-1, 3-3 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(16-17)/അദാലത്ത്/ 2022 തീ.19.08.2022 | 1 | 2-2 |
| 2017-18 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(17-18)/അദാലത്ത്/ 2022 തീ.19.08.2022 | 1 | 3-3 |
| 2018-19 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.4-1392(18-19)/അദാലത്ത്/ 2022 തീ.19.08.2022 | 4 | 1-16(3-1) , 1-23, 1-28, 1-31 |
| 2019-20 | നം.കെ.എസ്.എ.ഐ.ഡി.കെ.10-730/2021/ 08.09.2021 | 5 | 1-11, 1-15, 1-17, 1-18, 1-19 |
| 2020-21 | നം.കെ.എസ്.എ.ഐ.ഡി.കെ.10-651/21/29.09.2021 | 9 | 1-12 മുതൽ 1-18 വരെ, 1-20, 1-23 |
| 2021-22 | നം.കെ.എസ്.എ.ഐ.ഡി.കെ.പി4-1637/22/18.01.2023 | 26 | 1-10 മുതൽ 1-25 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 29-05-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Velliyamattom Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Velliyamattom Grama Panchayat for the year 2022-2023

Date: 26/12/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Velliyamattom Grama Panchayat for the Year 2022-2023 .

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

**2.Other Observations**

1. Cash flow statement Net increase/ decrese in cashflow does not match with the difference between the opening balance and clossing balance of cash and cash equivalents.

2. Online receipts is not accounted in time.

3. Cheque deposited but not credited.

4. Registers viz., Advance register, Loan register, Stock register, Asset register, Appropriation control register etc., are not maintained correctly and or does not match with financial statements.

5. Lapses in making timely and accurate demand entries in respect of tax and nontax revenue.

6. Lack of authenticated journal vouchers for supporting the adjustment entries recorded and those recorded in prior period items.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്